**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1738** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>വനിത-ശിശു വികസന വകുപ്പിലെ തസ്തിക സൃഷ്ടിക്കലും സർവീസ് ചട്ട രൂപീകരണവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. ഡി. തോമസ്

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** വനിത-ശിശു വികസന വകുപ്പ് രൂപീകരിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവർത്തനഭാരം കണക്കിലെടുത്ത് ആവശ്യമായ തസ്തികകൾ യഥാസമയം സൃഷ്ടിക്കാതിരിക്കുകയും ജീവനക്കാരുടെ സേവന-ഭരണപരമായ കാര്യങ്ങൾക്ക് ആവശ്യമായ പ്രത്യേക സർവീസ് ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) രൂപീകരിക്കാതിരിക്കുകയും ചെയ്തിട്ടുണ്ടോ;

**<u>മറുപടി:</u>** വകുപ്പ് രൂപീകൃതമായ 2017 ൽ അധികമായി ആവശ്യമായ തസ്തികകൾ കൂടി സ.ഉ.(കൈ) നം.24/2017/സാനീവ തീയതി 30.06.2017 നമ്പർ ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുള്ളതാണ്. നിലവിൽ വകുപ്പ് വിഭജനത്തിന് മുൻപ് നിലവിലുണ്ടായിരുന്ന സ്പെഷ്യൽ റൂൾ പ്രകാരവും സാമൂഹ്യനീതി വനിതാ-ശിശുവികസന വകുപ്പ് പുന:സംഘടനയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവിന്റേയും അടിസ്ഥാനത്തിലാണ് നിയമനം നടത്തി വരുന്നത്. കൂടാതെ വകുപ്പിന്റെ സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സജീവമായി നടന്നു വരികയാണ്.

**(ബി)** വനിത-ശിശു വികസന വകുപ്പ് ഏത് സർക്കാരിന്റെ കാലത്താണ് രൂപീകരിച്ചതെന്നും രൂപീകരണ തീയതിയും അതിനുള്ള സർക്കാർ ഉത്തരവിന്റെ വിശദാംശവും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 2016-21 ലെ സർക്കാരിന്റെ കാലത്താണ് വകുപ്പ് രൂപീകൃതമായിട്ടുള്ളത്. സ.ഉ.(കൈ) നം.24/2017/സാനീവ തീയതി 30.06.2017 നമ്പർ ഉത്തരവ് പ്രകാരമാണ് വകുപ്പ് രൂപീകൃതമായിട്ടുള്ളത്. ടി ഉത്തരവിൽ വകുപ്പ് രൂപീകരിച്ചതിനോടൊപ്പം ചുവടെപ്പറയുന്ന തസ്തികകൾ കൂടി സൃഷ്ടിച്ചിരുന്നു.

ഡയറക്ടർ-1

ജില്ലാ ഓഫീസർ -14

ലോ ഓഫീസർ -1

ഫിനാൻസ് ഓഫീസർ -1

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ- 1

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-1

ഡ്രൈവർ-1

ഓഫീസ് അറ്റൻഡന്റ്-4

**(സി)** വകുപ്പ് രൂപീകരിച്ചതിനുശേഷം ഇതുവരെ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും തസ്തിക തിരിച്ചും വർഷം തിരിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** 2016-21 ലെ സർക്കാരിന്റെ കാലത്താണ് വകുപ്പ് രൂപീകൃതമായിട്ടുള്ളത്. സ.ഉ.(കൈ) നം.24/2017/സാനീവ തീയതി 30.06.2017 നമ്പർ ഉത്തരവ് പ്രകാരമാണ് വകുപ്പ് രൂപീകൃതമായിട്ടുള്ളത്. ടി ഉത്തരവിൽ വകുപ്പ് രൂപീകരിച്ചതിനോടൊപ്പം ചുവടെപ്പറയുന്ന തസ്തികകൾ കൂടി സൃഷ്ടിച്ചിരുന്നു.

ഡയറക്ടർ-1

ജില്ലാ ഓഫീസർ -14

ലോ ഓഫീസർ -1

ഫിനാൻസ് ഓഫീസർ -1

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ- 1

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-1

ഡ്രൈവർ-1

ഓഫീസ് അറ്റൻഡന്റ്-4

**(ഡി)** വകുപ്പിന്റെ വർധിച്ചുവരുന്ന പ്രവർത്തനഭാരം പരിഗണിച്ച് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ ഭരണപരമായ കാരണങ്ങൾ എന്തെന്നും ഇതുമൂലം വകുപ്പിന്റെ പ്രവർത്തനത്തിലും സേവനവിതരണത്തിലും ഉണ്ടായ പ്രത്യാഘാതങ്ങൾ എന്തെന്നും വ്യക്തമാക്കുമോ;

**മറുപടി:** വകുപ്പിലെ തസ്തികകളുടെ ആവശ്യകത, സാമ്പത്തിക സ്ഥിതി, സർക്കാരിന്റെ സാമ്പത്തിക മാനദണ്ഡങ്ങൾ എന്നിവ സൂക്ഷ്മമായി പരിശോധിച്ചാണ് തസ്തികകൾ സൃഷ്ടിക്കുന്നത്. ഇത്തരം ഘട്ടങ്ങളിൽ ആവശ്യമായ ഭരണപരമായ പരിശോധനകളും വിവിധ വകുപ്പുകളുടെ അനുമതികളും പൂർത്തിയാക്കേണ്ടതുണ്ട്. തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഈ നടപടിക്രമങ്ങൾ കാരണം വകുപ്പിന്റെ പ്രവർത്തനങ്ങളിലോ ജനങ്ങൾക്കുള്ള സേവന വിതരണത്തിലോ യാതൊരുവിധ തടസ്സങ്ങളോ/ പ്രത്യാഘാതങ്ങളോ ഉണ്ടായിട്ടില്ലാത്തതും, കാര്യക്ഷമതയോടെ സേവനങ്ങൾ നൽകി വരുന്നതുമാണ്.

**(ഇ)** വകുപ്പ് രൂപീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും സ്പെഷ്യൽ റൂൾസ് രൂപീകരിക്കാത്തത് ഭരണപരമായ വീഴ്ച മൂലമോ മറ്റ് സാങ്കേതികമോ നിയമപരമോ ആയ കാരണങ്ങളാലാണോ എന്നും സ്പെഷ്യൽ റൂൾസ് അടിയന്തരമായി രൂപീകരിക്കുന്നതിന് സമയബന്ധിതനടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

**മറുപടി:** വകുപ്പിന്റെ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിന് മന:പൂർവമായ കാലതാമസം ഉണ്ടായിട്ടില്ല. നിരവധി ചർച്ചകളുടേയും മീറ്റിങ്ങുകളുടേയും ഉദ്യോഗസ്ഥ ഭരണപരിഷ്കാരം , നിയമ വകുപ്പുകളുടെ അഭിപ്രായങ്ങളുടേയും അടിസ്ഥാനത്തിൽ നിരവധി തിരുത്തലുകളും കൂട്ടി ചേർക്കലും

വരുത്തേണ്ടതുള്ളതിനാലും നിരവധി നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുള്ളതിനാലും സ്പെഷ്യൽ റൂൾ രൂപീകരണം പൂർത്തിയായിട്ടില്ല. സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**